

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

കെ. ദാമോദരൻ

## 20. യൂട്ടോപ്യ

## സമ്പൂർണ്ണകൃതികൾ: ഭാഗം IX

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


20 യൂട്ടോപ്യ . . . . . . . . . . . . . . . . . . . . . . . . . . . . . . 1

1 ധാർമ്മികയുട്ടോപ്യ . . . . . . . . . . . 2

2 പ്ലേറ്റോവിന്റെ 'പ്രജാഭരണം' . . . . . 3

3 പ്ലേറ്റോവിൽനിന്നു തോമസ് മൂറിലേയ്ക്ക് 4

4 ഫ്യൂഡലിസം . . . . . . . . . . . . . . . 5

5 സർ തോമസ്സൂർ . . . . . . . . . . . . 6

6 ബേക്കന്റെ ന്യൂ അത്ത്ലാൻറസ് (Bacon's New Atlantis) . . . . . . . . . . . . . . . . 7

7 ജർമ്മനിയിലേയും ഇറ്റലിയിലേയും യൂട്ടോപ്യക്കാർ:- . . . . . . . . . . . . . . . . . . 8

8 പതിനേഴാം നൂറ്റാണ്ട് . . . . . . . . . 9

9 ഫ്രാൻസിലെ യൂട്ടോപ്യക്കാർ . . . . . 10

10 ബേബഫ് (Babeuf) . . . . . . . . . . 11

11 കേബറ്റ് (Cabet) . . . . . . . . . . . . 12

12 സെയിൻറ് സൈമൺ (Saint Simon) . 13

13 ഫോറിയർ (Fourier) . . . . . . . . . . 14

14 ലൂയിബ്ലാങ്ക് (Louis Blanc) . . . . . . . 15

15 പ്രൌഢൻ (Proudohn) . . . . . . . . 16

16 റോബർട്ട് ഓവൻ (Robert Owen) . . 17

17 ആധുനിക യൂട്ടോപ്യനിസം . . . . . . . 18

# 20

## യൂട്ടോപ്യ

മനുഷ്യലോകത്തിൽ, ധനികൻ, ദരിദ്രൻ എന്ന വ്യത്യാസം പ്രാചീനകാലം മുതൽക്കേ നടന്നുവന്ന ഒരു ക്രമമാണ്. എന്നാൽ, ആദ്യകാലത്തു ഈ വ്യത്യസം ഇന്നത്തെപ്പോലെ അത്ര ദുസ്സഹവും, കഠോരവുമായിരുന്നില്ല. സാമ്പത്തികകാലത്തിന്റെ ആരംഭത്തിൽ-അതായത്, പ്രാകൃതമനുഷ്യൻ തന്റെ നിത്യജീവിതത്തിന്നു പ്രകൃതിദത്തമായ വസ്തുക്കളെ യാതൊരുമാറ്റവും വരുത്താതെ തന്നെ ഉപയോഗിച്ചുവന്നിരുന്ന ആ അതിപ്രാചീനമായ കാലത്തു-ഈ വ്യത്യാസം തീരെ ഉണ്ടായിരുന്നില്ലെന്നു തന്നെ പറയാം. അതിന്നുശേഷം നായാട്ടിലും മത്സ്യപ്പിടുത്തത്തിലും ഏർപ്പെട്ടു ജീവിതനിർവ്വഹണം ചെയ്തിരുന്നപ്പോഴും മനുഷ്യനും മനുഷ്യനും തമ്മിൽ പറയത്തക്ക അകൽച്ചയൊന്നുമുണ്ടായിരുന്നില്ല. കന്നുകാലികളെ പോററുകയും അവയെ മേയ്ക്കുവാൻവേണ്ടി അങ്ങുമിങ്ങും അലഞ്ഞുനടക്കുകയും ചെയ്തിരുന്നകാലത്തും ഈ വ്യത്യാസം അധികമുണ്ടായിരുന്നില്ല. എല്ലാവർക്കും പൊതുവിൽ ഉപയോഗിക്കുവാനുള്ള വസ്തുക്കളിന്മേൽ 'എൻറേത്', 'നിൻറേത്' എന്ന മുദ്ര കുത്താതെ ജനങ്ങൾ സംതൃപ്തിയോടും പരസ്പരസഹകരണത്തോടും കൂടി നാൾകഴിച്ചുപോന്നു. കുടുംബഭരണം ഉൽഭവിച്ചുകഴിഞ്ഞിരുന്നില്ല. സ്വകാര്യസ്വത്തു തലയുയർത്തിപ്പിടിച്ചിരുന്നില്ല. ആ പ്രാകൃതമനുഷ്യർ പരസ്പരം ശണ്ഠ കൂട്ടുകയോ കലഹിക്കുകയോ ചെയ്തിരുന്നില്ല. അവർ പരസ്പരം ദോഷാരോപണം ചെയ്യുകയോ മോഷണം നടത്തുകയോ ചെയ്തിരുന്നില്ല.

എന്നാൽ, മനുഷ്യർ കൃഷിചെയ്യുവാൻ പഠിക്കുകയും പരസ്പരം വസ്തുവിനിമയം ചെയ്യാൻ തുടങ്ങുകയും, ചെയ്തപ്പോൾ മുതൽക്കു സമുദായത്തിന്നുള്ളിൽ ധനികൻ, ദരിദ്രൻ എന്ന വ്യത്യാസം ക്രമേണ്ക്രേമേണ്യയായി വളരുവാൻതുടങ്ങി. അതോടുകൂടി പലവിധ അക്രമങ്ങളും അനാചാരങ്ങളും പരന്നുപിടിച്ചു. അല്പം ആളുകൾമാത്രം ബഹുഭൂരിപക്ഷം ജനങ്ങളെ മർദ്ദിച്ചുകൊണ്ടു അമിതമായ സുഖഭോഗത്തിൽ ആറാടുകയും അതേസമയത്ത് ലക്ഷക്കണക്കിന്നുള്ള മർദ്ദിതന്മാർ ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും കിടന്നു നരകിക്കുകയും ചെയ്യുക എന്ന അതിനീചമായ അനീതി ഉള്ളവരും ഇല്ലാത്തവരും തമ്മിൽ പരസ്യമായ സംഘട്ടനങ്ങളുണ്ടാക്കിത്തീർത്തു. ഉല്പാദനവിതരണങ്ങളുടെ പരിവർത്തനംകൊണ്ടുണ്ടായ ഈ സംഘടനകൾ പല പുതിയ ആശയങ്ങളുടേയും ജനനത്തിൽ കാരണമായിത്തീർന്നു. മതപ്രവാചകന്മാരും മനുഷ്യോദ്ധാരകന്മാരും മർദ്ദിതന്മാരോടു അനുകമ്പ കാണിക്കുവാൻതുടങ്ങി. ചിലർ മർദ്ദനത്തേയും അനീതിയേയും പരസ്യമായി എതിർക്കുവാൻതുടങ്ങി. വർത്തമാനത്തിന്റെ കടുത്ത അനുഭവങ്ങൾ അനീതിയും ദുഷ്ടതയും പരസ്പരവിദ്വേഷവുമില്ലാത്ത ഒരു സുവർണ്ണാഭാവിയെപ്പററി സ്വപ്നം കാണുവാൻ അവരിൽ പലരേയും പ്രേരിപ്പിച്ചു. മനുഷ്യൻ മനുഷ്യനെ മർദ്ദിക്കുകയും ചവിട്ടിത്തേയ്ക്കുകയും ചെയ്യുക എന്ന നീചവും ലജ്ജാവഹവുമായ ക്രൂരതയെ എന്നെന്നേയ്ക്കുമായി നശിപ്പിച്ച് സ്വാതന്ത്ര്യത്തേയും സർവ്വതോന്മുഖമായ സുഖത്തേയും അടിസ്ഥാനപ്പെടുത്തിയുള്ള ഒരു പുതിയ സമുദായഘടനയെ സൃഷ്ടിക്കുവാൻ പലരും പരിശ്രമിച്ചു.

## 1 ധാർമ്മികയുട്ടോപ്യ

അത്തരം പ്രവാചകന്മാരിൽ ഒരാളായിരുന്ന ക്രിസ്ത്വാബ്ദത്തിന്നു മുമ്പു എട്ടാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന ആമോ (ഒെമീ) എന്ന ആട്ടിടയൻ. സുഖരോഗത്തിൽ ലയിച്ചിരുന്ന ധനികവർഗ്ഗക്കാരെ അദ്ദേഹം കഠിനമായി അധിക്ഷേപിച്ചു. ആമോസിനെ തുടർന്നുകൊണ്ട് ഹോസിയ (ഒീലെമ) ഈസയ (കശെമവ) തുടങ്ങിയ വേറേയും ചില മനുഷ്യസ്നേഹികൾ താന്താങ്ങളുടെ കാലത്തെ ദുഷിച്ച ആചാരങ്ങളെ എതിർക്കുകയും എല്ലാ കഷ്ടപ്പാടുകൾക്കും കാരണം ധനികന്മാരുടെ ക്രൂരതയാണെന്നു വ്യക്തമാക്കുകയും ചെയ്തു. നിലവിലുള്ള ഈശ്വരാരാധനാരീതിയും അവർക്കിഷ്ടമായിരുന്നില്ല. പണം, കർപ്പൂരാദികൾ തുടങ്ങിയ വഴിപാടുകൾകൊണ്ടല്ല, നേരെമറിച്ചു മനുഷ്യസേവനംകൊണ്ടാണു ഈശ്വരപൂജ നടത്തേണ്ടത് എന്നു അവർ പ്രഖ്യാപിച്ചു. പഴയ വേദപുസ്തകത്തിൽ (ഛഹറ ലേമൊോലേി) പ്രസ്താവിയ്ക്കപ്പെട്ട ഈ പ്രവാചകന്മാരുടെ കൂട്ടത്തിൽത്തന്നെ ജെറമിയ, എസക്കീൽ, ദിയോത്രോസിയ തുടങ്ങിയ മറ്റു ചില മനുഷ്യസ്നേഹികളും അവർക്കുശേഷം സെയിൻറ് അഗസ്റ്റീൻ, സാവനാരോല തുടങ്ങിയ മറ്റു ധാർമ്മിക പ്രവാചകന്മാരും സമുദായത്തിൽ കടന്നു കൂടിയ അനീതികളേയും അനാചാരങ്ങളേയും എതിർത്തുകൊണ്ടു സുഖസമ്പൂർണ്ണങ്ങളായ സ്വപ്ന രാജ്യങ്ങളും 'യൂട്ടോപ്യകളും' സങ്കൽപ്പിക്കുവാൻ ധൈര്യപ്പെടുകയുണ്ടായി ('യൂട്ടോപ്യ' എന്ന വാക്കിന്നു 'എങ്ങുമില്ല'—ീഹവലല-എന്നർത്ഥമാണ്. അപ്പോൾ

## 2 പ്ലേറ്റോവിന്റെ ‘പ്രജാഭരണം’

മുകളിൽ പ്രസ്താവിച്ച ധാർമ്മിക പ്രവാചകന്മാരുടെ ചിന്തകളിൽനിന്ന വളരെ വ്യത്യസ്തമായ ഒരു രാഷ്ട്രീയയൂട്ടോപ്യയാണ ഗ്രീസ്സിലെ പ്രാചീനതത്വജ്ഞാനിയായ പ്ലേറ്റോവിന്റെ (429 ആ. ഇ347 ആ. ഇ) സുപ്രസിദ്ധമായ ‘പ്രജാഭരണം’ (ഞലൗയഹശര) രണ്ടായിരത്തിലധികം കൊല്ലങ്ങൾക്കു മുമ്പു ജീവിച്ചിരുന്ന ഈ പ്രശസ്തതത്വജ്ഞാനി ധനികവർഗ്ഗക്കാരുടെ മർദ്ദനത്തിൻറേയും അനിയന്ത്രിതമായ സുഖഭോഗത്തിൻറേയും ഫലമായുണ്ടായ സാമുദായികദോഷങ്ങളേയും സമുദായത്തേക്കാൾ വലുതാക്കി പ്രശംസിയ്ക്കുന്ന തഥാകഥിതരായ തത്വജ്ഞാനികളേയും ഒരുപോലെ വെറുത്തു. നിലവിലുള്ള സമുദായഘടനയെ എതിർക്കുക എന്നതു അക്കാലത്തു ഏറ്റവും അപായകരമായ ഒരു പ്രവൃത്തിയായിരുന്നതിനാലാണ് പ്ലേറ്റോ പൊതുജനങ്ങളെ തട്ടിയുണർത്തുവാൻവേണ്ടി കല്പിതമായ ഒരു ആദർശപ്രജാഭരണത്തെ ചിത്രീകരിച്ചത്.

പ്ലേറ്റോവിന്റെ സങ്കല്പരാജ്യത്തിൽ എല്ലാ വ്യക്തികൾക്കും ജീവിതത്തിന്നാവശ്യമായ എല്ലാ ഉപകരണങ്ങളും ലഭിക്കുന്നതാണ്. പക്ഷേ, ആരും ധനികന്മാരായിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ, ധനം സുഖഭോഗവും ആലസ്യവും വളർത്തുന്ന ഒന്നാണ്. അതേ സമയത്തുതന്നെ ആർക്കും ദാരിദ്ര്യമുണ്ടായിരിയ്ക്കുകയില്ല. എന്തുകൊണ്ടെന്നാൽ, ദാരിദ്ര്യം നീചതയേയും കർമ്മവിമുഖതയേയും സൃഷ്ടിയ്ക്കുന്നു.

തന്റെ കല്പിതനഗരത്തിലെ ജനങ്ങളെ പ്ലേറ്റോ മൂന്നു വർഗ്ഗങ്ങളായി വിഭജിച്ചിരിയ്ക്കുന്നു:

(1) വീട്, ഭക്ഷണം, വസ്ത്രം മുതലായവ നിർമ്മിക്കുന്ന കൈവേലക്കാർ,

(2) നഗരത്തെ ശത്രുക്കളുടെ ആക്രമണത്തിൽനിന്നു രക്ഷിയ്ക്കുന്ന യുദ്ധഭടന്മാർ,

(3) ഭരണം നടത്തുന്ന രക്ഷിതാക്കന്മാർ.

ഈ മൂന്നു വകുപ്പുകളും ജനസമുദായത്തിന്റെ സുഖത്തിനും നിലനില്പിന്നും അത്യാവശ്യമാണെന്നു പ്ലേറ്റൊ വിശ്വസിച്ചിരുന്നു. ഈ വിഭജനം ഏതാണ്ട് ഇന്ത്യയിലെ പ്രാചീന വർണ്ണാശ്രമ വ്യവസ്ഥയോടു കിടനില്ക്കുന്നുണ്ട്. വിദ്യാഭ്യാസം, സ്ത്രീപുരുഷബന്ധം, നീതിപരിപാലനം തുടങ്ങിയ ഇനങ്ങളിൽ പ്ലേറ്റോവിന്നു പല വിചിത്രമായ അഭിപ്രായങ്ങളുമുണ്ടായിരുന്നു. രക്ഷിതാക്കന്മാർക്ക് പ്രത്യേകം പ്രത്യേകം ഭാര്യമാരുണ്ടായിരിയ്ക്കുവാൻ പാടില്ല. ‘തനിക്കു സ്വന്തമായ ഒരു ഭാര്യ ആർക്കുമുണ്ടായിരിയ്ക്കരുത്. അതുപോലെതന്നെ കുട്ടികളേയും പൊതുവുടമയിൽ വളർത്തണം. അച്ഛൻ കുട്ടിയെയോ കുട്ടി അച്ഛനേയോ തിരിച്ചറിയരുത്. ഭരണാധികാരികളുടെ ജീവിതോദ്ദേശ്യത്തിൽ ഒരു ഐകരൂപ്യം വരുത്തുവാൻ വേണ്ടിയാണ് അദ്ദേഹം ഈ വിചിത്രമായ ആശയം പുറപ്പെടുവിച്ചത്.

ആദർശപ്രജാഭരണത്തിലെ സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരേ അധികാരമാണുള്ളത്. രണ്ടുകൂട്ടർക്കും ഒരേതരത്തിലുള്ള വിദ്യാഭ്യാസവും പട്ടാളം, നീതിപരിപാലനം തുടങ്ങിയ ഭരണകാര്യങ്ങളിൽ ഒരുപോലെയുള്ള അധികാരവും അനുവദിയ്ക്കണം. സ്ത്രീകളെ വീട്ടുപ്രവൃത്തികളിൽനിന്നു സ്വതന്ത്രകളാക്കുവാൻവേണ്ടി കുട്ടികളെ പോറ്റിവളർത്തേണ്ട ഭാരം സമുദായം ഏറ്റെടുക്കേണ്ടതാണ്. ‘വീടായാലും ശരി, നിലമായാലും ശരി, മറ്റെന്തെങ്കിലുമായാലും ശരി, യാതൊരു സ്വകാര്യസ്വത്തും നമ്മുടെ രക്ഷിതാക്കന്മാർ കൈവശം വെക്കുവാൻ പാടില്ല. തങ്ങളുടെ പ്രയത്നത്തിന്നു പ്രതിഫലമായി മറ്റു നഗരവാസികൾ നൽകുന്ന കൂലികൊണ്ടാണ അവർ ഉപജീവനം കഴിയ്ക്കേണ്ടത്’. പക്ഷേ, ഈ നിബന്ധന രക്ഷിതാക്കന്മാരെ മാത്രമേ ബാധിയ്ക്കുകയുള്ളു.!

സ്വകാര്യസ്വത്തുടമയെ നിയന്ത്രിക്കുന്നതും പട്ടിണിയേയും കഷ്ടപ്പാടിനേയും അകറ്റി എല്ലാ ജനങ്ങൾക്കും സംതൃപ്തി നൽകുന്നതും സ്ത്രീ പുരുഷസമത്വം അനുവദിക്കുന്നതും ആയ ഒരു സമുദായത്തെ സ്വപ്നംകാണുവാൻ ആദ്യമായി ധൈര്യപ്പെട്ട പ്ലേറ്റാവിന്റെ ചിന്തകളോടു അതിന്നുശേഷമുണ്ടായ സോഷ്യലിസ്റ്റ് ചിന്തകന്മാർ കടപ്പെട്ടിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ, എന്തായിട്ടും, അദ്ദേഹത്തിന്റെ ആദർശസമുദായഘടനയുടെ അടിസ്ഥാനം അടിമത്തമായിരുന്നു. പ്ലേറ്റോവിന്റെ കാലത്തും അടിമത്തമുണ്ടായിരുന്നു എന്നു കേൾക്കുമ്പോൾ നമുക്കത്ഭുതംതോന്നും. ചിലർ ഭരിയ്ക്കുവാൻ; ചിലർ ഭരിയ്ക്കപ്പെടുവാൻ. വേലക്കാർക്കു ഭരണകാര്യങ്ങളിൽ യാതൊരധികാരവുമില്ല. അക്കാലത്തു അടിമത്തം സമുദായത്തിന്റെ അഭിവൃദ്ധിക്കു ഒഴിച്ചുകൂടാൻ വയ്യാത്തതായിരുന്നു എന്ന് ചിലർ വാദിക്കുന്നുണ്ട്. ഏതായാലും, അടിമത്തംനിന്ദ്യമാണെന്നു അക്കാലത്തു ആരും മനസ്സിലാക്കിയിട്ടുണ്ടായിരുന്നില്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ഏതു തത്വജ്ഞാനിയുടേയും ഏതു ചിന്തകൻറേയും ആശയങ്ങൾ ആ തത്വജ്ഞാനിയുടെ അല്ലെങ്കിൽ ചിന്തകന്റെ പരിതഃസ്ഥിതികളെ ആശ്രയിച്ചിരിക്കുമെന്ന സത്യത്തിന്നു പ്ലേറ്റോവിന്റെ യൂട്ടോപ്യ സാക്ഷ്യം വഹിക്കുന്നുണ്ട്. അതുകൊണ്ടു മാത്രമാണു റെയിലും തപാലും ആകാശവിമാനവുമുള്ള ആധുനികലോകത്തെ അദ്ദേഹത്തിന്നു സങ്കല്പിക്കുവാൻ സാധിക്കാഞ്ഞത്. ഏതായാലും പ്ലേറ്റോവിന്നും അദ്ദേഹത്തിന്റെ വിപ്ലവകരങ്ങളായ ചിന്തകൾക്കും സോഷ്യലിസത്തിന്റെ ചരിത്രത്തിൽ അനിഷേധ്യമായ ഒരു സ്ഥാനമുണ്ടെന്ന കാര്യം തീർച്ചയാണ്.

## 3 പ്ലേറ്റോവിൽനിന്നു തോമസ് മൂറിലേയ്ക്ക്

പ്ലേറ്റോവിന്റെ റിപ്പബ്ളിക്കിന്നും സർ തോമസ് മൂറിന്റെ യൂട്ടോപ്യക്കും തമ്മിൽ പത്തൊമ്പതു നൂറ്റാണ്ടുകളുടെ ദൂരമുണ്ട്. ഈ കാലത്തിന്നിടയിൽ സെയിൻറ് അഗസ്തീൻ, സെനേക്കാ (3 ആ. ക്രി65 അ ഉ) ഹോറസ്, ജീവെനാൽ, ജോൺവൈക്ലിഫ് (1384 അ ഉ) ജോൺ ബാൾ തുടങ്ങിയ മനുഷ്യസ്നേഹികളും സമുദായത്തിലെ അനീതികൾക്കും അസമത്വങ്ങൾക്കും എതിരായി പ്രചാരവേലകൾ നടത്തുകയുണ്ടായിട്ടുണ്ട്. അവരിൽ ചിലരുടെ ഭാഷ ആവേശകരവും ഉള്ളിൽ കൊള്ളുന്നതുമായിരുന്നു. ഉദാഹരണത്തിന്നു, വൈക്ലീഫിന്റെ അനുയായിയായ ജോൺബാൾ പറയുന്നതു നോക്കുക:

> ‘എന്റെ നല്ലവരായ ജനങ്ങളെ! എല്ലാ ബന്ധുക്കളുടേയും മേൽ പൊതു ഉടമ സ്ഥാപിക്കുന്നതുവരെ, അടിമകളും മാന്യന്മാരും എന്ന വ്യത്യാസം നിലനിൽക്കുന്നേടത്തോളംകാലം, നമ്മളെല്ലാവരും സമന്മാരാകുന്നതുവരെ, നമുക്കു നല്ലകാലമുണ്ടാകുന്നതല്ല. നമ്മൾ പ്രഭുക്കന്മാർ എന്നു വിളിക്കുന്നവർ നമ്മളേക്കാൾ സുഖിതന്മാരായി കഴിച്ചുകൂട്ടുവാൻ കാരണമെന്താണ്? അവരതർഹിക്കുന്നുണ്ടോ? എന്തിനാണ് അവർ നമ്മളെ അടിമത്തത്തിൽ വെച്ചുകൊണ്ടിരിക്കുന്നത്? നമ്മളെല്ലാവരും ഒരേ അച്ഛൻറേയും അമ്മയുടേയും—ആദാമിൻറേയും ഈവിൻറേയും-പിൻഗാമികളാണെങ്കിൽ അവർക്കെങ്ങിനെ പറയാൻ കഴിയും നമ്മൾ അടിമകളും അവർ യജമാനന്മാരുമാണെന്നു! അവർ വെൽവെറ്റും മിന്നുന്ന കുപ്പായവും മിന്നുന്ന കോട്ടും രോമക്കുപ്പായവും അണിഞ്ഞു ഞെളിയുമ്പോൾ നമ്മൾ ഒരു വെറും ചരുത്ത വസ്ത്രംകൊണ്ടു തൃപ്തിപ്പെടുന്നു. അവർക്കു രുചിപദാർത്ഥങ്ങളുണ്ട്, ഒന്നാന്തരം അപ്പമുണ്ട്. നമ്മൾക്കോ? വൈക്കോലും വെള്ളവും മാത്രം! അവർക്കു സുഖവാസസ്ഥലങ്ങളുണ്ടു, മനോഹരങ്ങളായ മാളികകളുണ്ട്. നമ്മൾക്കു-അത്യധികം അദ്ധ്വാനിക്കുന്ന നമ്മൾക്കു-വയലുകളിൽ കാറ്റിനോടും മഴയോടും എതിരിട്ടുകൊണ്ടു ജീവിക്കേണ്ടിവരുന്നു. നമ്മളിൽനിന്നും നമ്മളുടെ പ്രയത്നത്തിൽനിന്നുമാണ് അവർ അവരുടെ സുഗഭോഗസാമഗ്രികൾ സമ്പാദിക്കുന്നത്. അവരുടെ കല്പനയനുസരിക്കാഞ്ഞാൽ നമ്മൾ നിർദ്ദയം പ്രഹരിയ്ക്കപ്പെടുന്നു!”

എത്ര ആവേശകരമായ ഭാഷ! ഇതെല്ലാം ഇരുപതാം നൂറ്റാണ്ടിലായിരിയ്ക്കുമോ എഴുതിയതെന്ന് നമുക്ക് തോന്നിപോകുന്നു!

# 4 ഫ്യൂഡലിസം

ഈകാലത്തിന്നുള്ളിൽ ഉല്പാദന വിതരണങ്ങളിലുണ്ടായ പരിവർത്തനങ്ങളുടെ ഫലമായി ലോകത്തിൽ അതി പ്രധാനമായ പല മാറ്റങ്ങളും സംഭവിച്ചു. അഞ്ചാം നൂറ്റാണ്ടുമുതൽ പതിനഞ്ചാം നൂറ്റാണ്ട് ആകുമ്പോഴേയ്ക്കും-അതായതു ഇന്നു നമ്മൾ മദ്ധ്യയുഗം (Middle Ages) എന്നു വിളിക്കുന്ന ആ കാലത്തു-സമുദായത്തിൽ ഫ്യൂഡലിസം (ജന്മിമേധാവിത്വം) എന്ന പുതിയ സാമ്പത്തിക വ്യവസ്ഥയുടെ വേരുറച്ചു. കൃഷിക്കാരുടെ സ്ഥിതി അക്കാലത്തു ഏറ്റവും ദയനീയമായിരുന്നു. അടിമകൾ (Serfs) എന്നത്രെ അവർ വിളിയ്ക്കപ്പെട്ടുവന്നത്. വില്ലെയിൻസ് (Villains) അടിമത്തത്തിന്റെ മറ്റൊരു രൂപം മാത്രമായിരുന്നു. കഷ്ടപ്പാടും മർദ്ദനവും വർദ്ധിക്കുംതോറും അസംതൃപ്തരായ കൃഷിക്കാർ പരസ്യമായ വിദ്രോഹമാരംഭിച്ചു. അതിനിടയ്ക്കാണ് തോക്കും വെടിമരുന്നും മറ്റും കണ്ടുപിടിക്കപ്പെട്ടത്. അതോടുകൂടി ചൂഷകവർഗ്ഗക്കാരുടേയും അവരുടെ പ്രതിനിധിയായ രാജാവിൻറേയും ശക്തി പതിന്മടങ്ങു വർദ്ധിച്ചു. യൂറോപ്പിലെല്ലാം ഒരു പുതിയ പരിഷ്കാരം മുളച്ചുപൊന്താൻതുടങ്ങി. വിദ്യാഭ്യാസപ്രചാരണം. പുനരുത്ഥാനം (Renaissance) മതസംശോധന ഇങ്ങിനെ പല സംഭവങ്ങളും നടന്നു. ധനികവ്യാപാരികൾ ചൂഷണത്തിനുവേണ്ടി പുതിയ പ്രദേശങ്ങളും ദ്വീപുകളും അന്വേഷിക്കുവാൻ തുടങ്ങി. കോളനികളും സമുദ്രവ്യാപാരവും വർദ്ധിച്ചു. ഈ കാരണങ്ങളെകൊണ്ടുണ്ടായ പരിവർത്തനങ്ങളുടേയും മറ്റും ഫലമായി ഒടുവിൽ ഫ്യൂഡലിസം ദ്രവിച്ചു നഷ്ടഭ്രഷ്ടമാവാൻ തുടങ്ങുകയും ചെയ്തു.

1348-ൽ എഡ്വേർഡ് മൂന്നാമന്റെ കാലത്തു ഒരു ഭയങ്കരമായ പ്ലേഗ് പിടിപെട്ടു. കറുത്ത മരണം (Black Death) എന്നാണ് ചരിത്രകാരന്മാർ അതിനെ വിളിക്കാറുള്ളത്. കഠിനമായ ആ അത്യാപത്തിൽ മൂന്നിലൊരുഭാഗം ജനങ്ങൾ മരണമടഞ്ഞു. തൊഴിലാളികളുടെ എണ്ണം കുറഞ്ഞു. അപ്പോൾ വ്യവസായത്തിന്നു പട്ടണങ്ങളിലേക്ക് പുതിയ തൊഴിലാളികൾ ആവശ്യമായിത്തീർന്നു. ഇതു വില്ലെയ്ൻ സമ്പ്രദായത്തെ നശിപ്പിയ്ക്കുവാൻ വളരെ സഹായിച്ചു. 1351, 1355, 1360 ഈ കൊല്ലങ്ങളിൽ സ്വാർത്ഥാന്ധരായ ജന്മികൾ തൊഴിലാളികളുടെ ആധിക്യത്തെ തടയുവാനും അങ്ങിനെ തങ്ങളുടെ അടിമകളെ ഗ്രാമങ്ങളിൽത്തന്നെ നിലനിർത്തുവാനും വേണ്ടി പല കഠിന നിയമങ്ങളുമുണ്ടാക്കി. തൊഴിലാളികൾ കൂലികൊടുക്കുന്നത് നിയമവിരുദ്ധമായിത്തീർന്നു. കൃഷിസ്ഥലമുപേക്ഷിച്ച് മറ്റു സ്ഥലങ്ങളിലേക്കു പോകുന്ന ജനങ്ങൾ ശിക്ഷാർഹരായിത്തീർന്നു. ഒടുവിൽ, നിവൃത്തിയില്ലാതെ, തൊഴിലാളികളും കൃഷിക്കാരും ഒരു വിദ്രോഹമുണ്ടാക്കുകതന്നെ ചെയ്തു. ഇതിനേയാണ് മുകളിൽ കർഷകപ്രക്ഷോഭം (ജലമൈമെി ഞലീഹേ) എന്നു പറഞ്ഞത്. വിദ്രോഹം തൽക്കാലം പരാജയപ്പെട്ടുവെങ്കിലും പിന്നീടു അതുകൊണ്ട് പല നേട്ടങ്ങളും ഉണ്ടായിട്ടുണ്ട്.

പിന്നെ, ഏകദേശം ഒന്നരനൂറ്റാണ്ടുകൾക്കുശേഷം ഹെൻറി എട്ടാമന്റെ കാലത്തു ഈ സംഭവം ആവർത്തിച്ചു.

## 5 സർ തോമസ്സ്മൂർ

അക്കാലത്താണ് സേർ തോമാസ്സൂറിന്റെ (1478-1535) സുപ്രസിദ്ധമായ യൂട്ടോപ്യ പുറത്തുവന്നത്. ഇംഗ്ലണ്ട് ഫ്യൂഡൽ സമ്പ്രദായത്തെ വലിച്ചെറിഞ്ഞു. ക്രമേണ കച്ചവടക്കാരുടെ രാജ്യമായിത്തീരുന്നതും വ്യവസായശ്രമങ്ങളെല്ലാം വ്യക്തികളും സ്വകാര്യശ്രമങ്ങളായിത്തീരുന്നതും അതോടുകൂടി സമുദായത്തിൽ പല അനാചാരങ്ങളും പരന്നുപിടിക്കുന്നതും മൂർ നോക്കിക്കണ്ടു. ഈ ദോഷങ്ങളെ പരിഹരിക്കണമെന്ന സദുദ്ദേശ്യത്തോടു കൂടിയാണ് അദ്ദേഹം തന്റെ യൂട്ടോപ്യ എഴുതിയത്. ഒരു പോർച്ചുഗീസ് പണ്ഡിതനായ റാഫേൽ ഹാത്ത് ലോഡെ (Raphael Hath laday) തന്റെ വിനോദയാത്രയ്ക്കിടയിൽ കണ്ടുമുട്ടിയ യൂട്ടോപ്യ എന്ന ദ്വീപിനെ വിവരിക്കുകയാണ് ഈ വിചിത്രമായ പുസ്തകം ചെയ്യുന്നത്. ഹിത്ത് ലോഡെയിനെക്കൊണ്ട് മൂർ നിലവിലുള്ള സമുദായഘടനയുടെ ദോഷങ്ങളെ കഠിനമായി വിമർശിപ്പിയ്ക്കുന്നു. സുഖഭോഗികളായ രാജാക്കന്മാർ തങ്ങളുടെ രാജ്യാതൃത്തികളെ വലുതാക്കാൻ ചെയ്യുന്ന ശ്രമങ്ങളെയും പരിതഃസ്ഥിതികളുടെ അടിമകളായി ചെറിയ ചെറിയ കളവുകുറ്റം മുതലായവ ചെയ്യുവാൻ നിർബ്ബദ്ധരായ പാവങ്ങൾക്കു കൊടുക്കുന്ന ശിക്ഷയേയും യുദ്ധത്തിന്നുവേണ്ടി സൈന്യങ്ങളെ തീറ്റിപ്പോറ്റുന്ന സമ്പ്രദായത്തെയും ഉള്ളിൽക്കൊള്ളും വിധം ആക്ഷേപിച്ചുകൊണ്ട് സ്വകാര്യസ്വത്തും ചൂഷണവുമില്ലാത്ത ഒരു പുതിയ സമുദായഘടനയുടെ ഗുണങ്ങളെ വിവരിക്കുകയാണ് മൂറിന്റെ യുട്ടോപ്യ ചെയ്യുന്നത്.

യൂട്ടോപ്യയിലെ ചില ചില ആശയങ്ങൾ ഏറ്റവും വിഡ്ഢിത്തപൂർണ്ണങ്ങളാണെങ്കിൽക്കൂടി സുഖഭോഗവും ദാരിദ്ര്യവും മർദ്ദനവും കഷ്ടപ്പാടുമില്ലാത്ത ഒരു സങ്കല്പ സമുദായത്തെ ചിത്രീകരിക്കുന്ന ഈ പുസ്തകം തൊഴിൽ, കൃഷി, വിദ്യാഭ്യാസം, മതം തുടങ്ങിയ നാനാവിധങ്ങളായ കാര്യങ്ങളിൽ ഏർപ്പെട്ട് ജനങ്ങളെ ഇരുത്തിച്ചിന്തിപ്പിക്കുകയും സമുദായപരിഷ്ക്കരണത്തിലേയ്ക്കു അവരുടെ ശ്രദ്ധയെ ആകർഷിയ്ക്കുകയും ചെയ്തു.

## 6 ബേക്കന്റെ ന്യൂ അത്ത്ലാൻറസ് (Bacon's New Atlantis)

സർ തോമാസ് മൂർ മരിച്ചതിന്റെ 14 കൊല്ലങ്ങൾക്കുശേഷം 1549-ൽ മർദ്ദിതരായ കൃഷിക്കാർ വീണ്ടും ലഹളയുണ്ടാക്കി. ലഹള പരാജയപ്പെട്ടുവെങ്കിലും ഇംഗ്ലണ്ടിലെ ഗ്രാമവ്യവസ്ഥ താറുമാറാക്കുവാൻ അതു വളരെയധികം സഹായിച്ചിട്ടുണ്ട്. അപ്പോഴേയ്ക്കു മനുഷ്യസ്നേഹികളാണെന്നഭിമാനിച്ചിരുന്ന പുരോഹിതവർഗ്ഗക്കാർ സാമാന്യജനങ്ങളുടെ അവകാശ സ്ഥാപനത്തിന്നെതിരായിത്തീർന്നു. എല്ലാം പൊതുസ്വത്താക്കിയാൽ കളവില്ലാതായിത്തീരുമെന്നും അപ്പോൾ ബൈബിളിലെ “ഠവീഗ ടവമഹേ ിീ ടലേമഹ” എന്ന കല്പനയ്ക്ക് യാതൊരു അർത്ഥവുമില്ലാതായിത്തീരുമെന്നും വാദിയ്ക്കുകയാണ് അവർ ചെയ്തത്! കമ്യൂണിസ്റ്റ് ചിന്തകൾ പള്ളികളേയും മണിമാളികകളേയും ഉപേക്ഷിച്ച് കുറേശ്ശക്കുറേശ്ശയായി തൊഴിലാളികളേയും വിപ്ലവകാരികളായ ഇടത്തരക്കാരേയും ആശ്രയിയ്ക്കുവാൻ തുടങ്ങി. എലിസബത്തിന്റെ ഭരണകാലത്ത് സമുദായം അതിവേഗം വ്യക്തിവാദത്തിലേയ്ക്ക് (Individualism) പോയിക്കൊണ്ടിരുന്നു. സ്പെൻസർ, ഷേയിക്ക്സ്പിയർ തുടങ്ങിയ പ്രധാന സാഹിത്യകാരന്മാരെല്ലാം കമ്യൂണിസത്തിന്നും ജനാധിപത്യവാദത്തിന്നും ഒരുപോലെ എതിരായിരുന്നു. എന്നിട്ടും കമ്യൂണിസ്റ്റുകാരുടെ പ്രക്ഷോഭങ്ങളുടെ ഫലമായി Poor Law Reforms മുതലായ ചില ഭരണപരിഷ്കാരങ്ങൾ നടപ്പാക്കപ്പെട്ടുവെന്നുള്ളത് പ്രസ്താവയോഗ്യമാണ്.

അതിന്നു ശേഷമാണ് സ്പേനിഷ് ആർമഡയുടെ നാശം, റിഫോർമേഷന്റെ വിജയം, ജനങ്ങൾക്ക് സയൻസിലുണ്ടായ അഭിരുചി, നാനാവിധങ്ങളായ കണ്ടുപിടുത്തങ്ങൾ, വ്യവസായോല്പദനത്തിന്റെ അഭിവൃദ്ധി മുതലായവയെല്ലാം സംഭവിച്ചത്. അക്കാലത്ത് ഫ്രാൻസിസ് ബേക്കൺ എന്ന തത്വജ്ഞാനി തന്റെ ‘ന്യൂഅത്ലാൻറിസ്’ എന്ന പുതിയ യൂട്ടോപ്യ ജനങ്ങളുടെ മുമ്പാകെ അവതരിപ്പിച്ചു. തെക്കൻ സമുദ്രത്തിലെ (South Seas) ഒരു സങ്കല്പദ്വീപിനെ വർണ്ണിക്കുന്ന ഈ യൂട്ടോപ്യയിൽ സ്വത്തവകാശത്തിന്മേലുള്ള പരിഷ്കരണമല്ല, സയൻസിന്റെ അഭിവൃദ്ധിയാണ സമുദായത്തെ മോചിപ്പിക്കുവാനും ഉദ്ധരിപ്പിക്കുവാനുമുള്ള ഏകമാർഗ്ഗം എന്ന തന്റെ അഭിപ്രായത്തെ ബേക്കൺ വ്യക്തമാക്കി. സ്വത്തിലല്ല, ജ്ഞാനത്തിലാണ് കമ്യൂണിസം ആവശ്യമായിട്ടുള്ളത് എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഇതിന്നു പുറമെ അദ്ദേഹം വിവാഹബന്ധത്തിന്റെ അവ്യവസ്ഥതയെ കഠിനമായി എതിർക്കുകയും സമുദായത്തിന്റെ അഭിവൃദ്ധിയ്ക്കു ഏകപത്നീവ്രതം അത്യാവശ്യമാണെന്നു വാദിക്കുകയും ചെയ്തു.

പ്രകൃതിശാസ്ത്രജ്ഞാനം മുന്നോട്ടുപോകുവാൻ ആരംഭിക്കുകമാത്രം ചെയ്ത കാലത്ത് ജീവിച്ചിരുന്ന ബേക്കൺ ഇത്തരം അഭിപ്രായങ്ങൾ പുറപ്പെടുവിച്ചതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല. പക്ഷേ, സയൻസ് എത്രതന്നെ അഭിവൃദ്ധിപ്പെട്ടാലും അതിന്റെ നിയന്ത്രണം ശരിയായ വഴിയ്ക്കല്ലെങ്കിൽ അത് സമുദായത്തിൽ ഗുണത്തിന്നു പകരം ദോഷമാണുണ്ടാക്കുക എന്ന പരമാർത്ഥം അദ്ദേഹം മനസ്സിലാക്കാത്തതു കഷ്ടമായി.

# 7 ജർമ്മനിയിലേയും ഇറ്റലിയിലേയും യൂട്ടോപ്യക്കാർ:-

ഏതാണ്ടു അതേകാലത്തു തന്നെ ജോഹാൻ വാലൻ റീൻ ആന്ദ്രേ (Johann Valentin Andrease) എന്ന ഒരു ജർമ്മൻ സഞ്ചാരിയും തോമാസ് കമ്പെനെല (Thomas Campanela)) എന്ന ഒരു ഇറ്റാലിയൻ തത്വജ്ഞാനിയും ഓരോ യൂട്ടോപ്യ പുറപ്പെടുവിക്കുകയുണ്ടായി. പ്ലേറ്റോവിന്റെയും മൂറിന്റെയും ആശയങ്ങളിൽ നിന്ന് വളരെയധികം വ്യത്യസ്തമായ യാതൊന്നും തന്നെ അവ രണ്ടിലുമുണ്ടായിരുന്നില്ല. അതിരുകവിഞ്ഞ സുഖഭോഗവും ദുസ്സഹമായ ദാരിദ്ര്യവും അടുത്തടുത്ത് നിലനിൽക്കുന്ന സമുദായത്തെ പരിഷ്കരിക്കാതെ ജനങ്ങൾക്കു യാതൊരു സുഖവുമുണ്ടാവുകയില്ലെന്ന് അവർ രണ്ടുപേരും വ്യക്തമാക്കി.

# 8 പതിനേഴാം നൂറ്റാണ്ട്

ബേക്കൺ, ആന്റ്രെ, കാമ്പനെല എന്നിവർക്കുശേഷം യൂറോപ്പിൽ-പ്രത്യേകിച്ച് ഇംഗ്ലണ്ടിൽ-പഴയ ഫ്യൂഡലിസത്തിന്നും കമ്യൂണിസത്തിന്നും സാരമായ പരുക്ക പറ്റി. ഇംഗ്ലീഷു വ്യവസായത്തിന്റെ പരിധി അതുവരെയും അപരിചിതങ്ങളായിക്കിടന്നിരുന്ന രാജ്യങ്ങളിലേക്കു വ്യാപരിക്കുവാൻ തുടങ്ങി. നഗരങ്ങളുടേയും പട്ടണങ്ങളുടേയും എണ്ണം വർദ്ധിച്ചു. സ്വകാര്യസ്വത്തുടമ അടിയുറച്ചു. അക്കാലത്ത് സ്വകാര്യസ്വത്തിന്റെ ഉടമസ്ഥന്മാർ കമ്യൂണിസത്തെ നാമാവശേഷമാക്കുവാനും തങ്ങളുടെ സ്ഥാപിതതാല്പര്യങ്ങളെ സാധൂകരിച്ചു നിലനിർത്തുവാനും ഉതകുന്ന ഒരു പുതിയ തത്വജ്ഞാനം കണ്ടുപിടിക്കുകയുണ്ടായി. ഹ്യൂഗോ, ഗ്രോട്ടിൻസിൽ നിന്ന് (Hugo Grotins, 1583–1645) ഉത്ഭവിക്കുകയും തോമാസ് ഹോബ്സ് (Thomas Hobbs, 1588–1679) വ്യാഖ്യാനിച്ചു വിശദമാക്കുകയും ചെയ്ത ഈ പുതിയ സിദ്ധാന്തം സാമുദായിക കരാറ് (Social Contract Theory) എന്ന പേരിലാണറിയപ്പെടുന്നത്. ഹോബ്സിന്റെ ആശയങ്ങൾ ഏതാണ്ടു താഴെ പറയുംപ്രകാരമാണ്: ഏറ്റവും പ്രാചീനമായ കാലത്ത് ഒരുതരം കമ്യൂണിസ്റ്റ് ഭരണം നടപ്പിലുണ്ടായിരുന്നുവെങ്കിലും മനുഷ്യൻ തന്റെ സ്വാർത്ഥങ്ങളേയും ശക്തിയേയും വർദ്ധിപ്പിക്കുവാൻ തുടങ്ങിയതോടുകൂടി പ്രകൃതിയുടെ ആ പഴയ നീതിസിദ്ധാന്തങ്ങൾ വിലകെട്ടുപോകുകയും സമുദായത്തിന്റെ നാശകരമായ കലഹം മുളച്ചുപൊന്തുകയും ചെയ്തു. സ്വന്തം രക്ഷയ്ക്കും സമാധാനത്തിന്നും വേണ്ടി ഒരു അധികാരശക്തിയെ ആശ്രയിക്കുവാൻ ജനങ്ങൾ, നിർബ്ബദ്ധരായിത്തീർന്നു. അങ്ങിനെ അവർ തങ്ങളെ ഭരിക്കുവാനും നിയന്ത്രിക്കുവാനുമുള്ള അധികാരം ഒരു വ്യക്തിക്കോ, അല്പം വ്യക്തികളുടെ ഒരു സമൂഹത്തിന്നോ വിട്ടുകൊടുത്തു. കഠിനമായ ഈ കരാറിനെപ്പറ്റി ഹോബ്സ് പറയുകയാണ്;-"ഒരു ചക്രവർത്തി പ്രകൃതിനിയമങ്ങൾക്കു എതിരായ ലക്ഷ്യങ്ങളെ ആശ്രയിക്കുകയാണെങ്കിൽക്കൂടി അദ്ദേഹത്തിന്റെ നേരെ യുദ്ധം പ്രഖ്യാപനം ചെയ്യുവാൻ പ്രജകളിൽ ആർക്കും അധികാരമില്ല."

ഇങ്ങിനെ ഹോബ്സ് ചക്രവർത്തിത്വത്തെയും സ്വകാര്യസ്വത്തുടമയേയും സാധൂകരിക്കുവാൻ ശ്രമിച്ചു. പക്ഷേ, അസംതൃപ്തിയിലാണ്ട ഒരു ജനസമൂഹം ഇംഗ്ലണ്ടിലെ ചാറൽസ് രാജാവിനെ വധിക്കേണ്ട സമയം വന്നപ്പോൾ ഹോബ്സിന്റെ വാദഗതികളൊന്നും സ്വീകരിക്കുകയുണ്ടായില്ലെന്നുള്ള കാര്യം പ്രസ്താവ്യമാണ്.

ഹോബ്സിനെ തുടർന്നുകൊണ്ടു ജോൺലോക്ക് (1632–1704) എന്ന മറ്റൊരു ചിന്തകൻ സ്വകാര്യസ്വത്തുടമയെ സാധൂകരിക്കുവാൻ വേണ്ടി വേറെ ചില വാദഗതികളെ ആശ്രയിച്ചു (Labour therory of Value) സ്വത്തുക്കൾ സമ്പാദിക്കുവാനോ പിടിച്ചുപറിക്കുവാൻ തന്നേയോ പ്രയത്നം ആവശ്യമാണെന്നും അതുകൊണ്ടു ആ പ്രയത്നത്തിന്റെ ഉടമസ്ഥനു ആയാൾ കരസ്ഥമാക്കിയ സ്വത്തിന്മേൽ അവകാശമുണ്ടെന്നും ലോക്ക് വാദിച്ചു.

കമ്യൂണിസത്തിന്നെതിരായ ഈ സിദ്ധാന്തങ്ങൾ പരക്കുന്നതിനോടൊപ്പം തന്നെ കമ്യൂണിസത്തിന്നനുകൂലമായ ചില ആശയങ്ങളും പ്രചരിപ്പിയ്ക്കാതിരുന്നില്ല. ജരാർഡു വിൻസ്റ്റൻലി, ജെയിംസ് ഹാരിങ്ങ്ടൻ (1611-1677) എന്നിവർ സ്വകാര്യസ്വത്തുടമയെ നശിപ്പിക്കുവാനും ഒരു പുതിയ ജനാധിപത്യഭരണം സ്ഥാപിക്കുവാനും വേണ്ടി വളരെ ശ്രമിച്ചുനോക്കി. ഏതാണ്ടു അതേ കാലത്തു തന്നെ ഒരു സമുദായോദ്ധാരകനായ പിറ്റ് ചേംബർലൻ രാജ്യത്തിലെ എല്ലാ സമ്പത്തും ദേശീയസ്വത്താക്കിയാൽ മാത്രമേ ദാരിദ്ര്യത്തെ നശിപ്പിക്കുവാൻ സാധിക്കുകയുള്ളു എന്ന അഭിപ്രായപ്പെടുകയുണ്ടായി.

# 9 ഫ്രാൻസിലെ യൂട്ടോപ്യക്കാർ

17-ാം നൂറ്റാണ്ടിൽനിന്ന് 18-ാം നൂറ്റാണ്ടിലേക്ക് കടന്ന തോടുകൂടി യൂട്ടോപ്യയുടെ രംഗം ഇംഗ്ലണ്ടിൽനിന്നു ഫ്രാൻസിലേക്കു മാറി. ഫ്രഞ്ച് യൂട്ടോപ്യൻ സോഷ്യലിസ്റ്റ്കാർ ഫ്രഞ്ച് വിപ്ലവത്തിന്റെ അനന്തരഫലങ്ങളുടെ ഒരു സൃഷ്ടി യാണെന്നു പറയുന്നതിൽ തെറ്റില്ല. റൂസോ, വോൾട്ടയർ തുടങ്ങിയ ചിന്തകന്മാരുടെ നിരന്തരമായ പ്രക്ഷോഭം മർദ്ദനവും കഷ്ടപ്പാടുമില്ലാത്ത ഒരു സുന്ദരസമുദായത്തെ നിർമ്മിയ്ക്കുവാൻ പര്യാപ്തമാകുമെന്നു പലരും ആശിച്ചിരുന്നു. എന്നാൽ വിപ്ലവംകൊണ്ട് ധനികന്മാരായ മുതലാളികൾക്കു മാത്രമാണ് വലിയ വലിയ നേട്ടങ്ങളുണ്ടായത്. എല്ലാ മനുഷ്യരും നിയമത്തിന്റെ മുമ്പിൽ സമന്മാരാണെന്നുള്ളതു വാസ്തവം തന്നെ. പക്ഷേ, സ്വത്തുടമ സമ്പ്രദായത്തിന്നു യാതൊരു മാറ്റവും വരാതിരിയ്ക്കുന്നേടത്തോളംകാലം, സാമ്പത്തികവും സാമുദായികവുമായ അസമത്വങ്ങൾ നിലനില്ക്കുന്നേടത്തോളംകാലം മർദ്ദിതരായ 'പാവങ്ങൾക്കു യാതൊരു സംതൃപ്തിയ്ക്കും അവകാശമില്ല. കൂടിയ വേലസ്സമയം, പരുങ്ങിയ കൂലി, തൊഴിലില്ലായ്മ ഇവയ്ക്കു ഫ്രഞ്ച് വിപ്ലവം യാതൊരു പരിഹാരവും വരുത്തിയില്ല. ഈ പരുപരുത്ത സ്ഥിതിഗതികൾ ആശാവാദികളുടെ കണ്ണു തുറപ്പിച്ചു. അവരിൽ ചിലർ സാമ്പത്തികവും സാമുദായികവുമായ സമത്വത്തെപ്പറ്റിച്ചിന്തിയ്ക്കുവാൻ തുടങ്ങി. ഇതാണ് ഫ്രഞ്ച് യൂട്ടോപ്യൻ സോഷ്യലിസത്തിന്റെ ഉത്ഭവം.

## 10 ബേബഫ് (Babeuf)

ഫ്രഞ്ച് യൂട്ടോപ്യൻ സോഷ്യലിസ്റ്റ്കാരുടെ ഒന്നാമത്തെ നേതാവ് എഫ്. എൻ. ബേബഫ് (1764—1797) ആയിരുന്നു. പഴയ കമ്യൂണിസ്റ്റ് സിദ്ധാന്തമായ സാമ്പത്തിക സമത്വമല്ല, തുല്യമായ സൗകര്യങ്ങളായിരുന്നു (Equal Opportunity) ബേബഫിന്റെ ലക്ഷ്യം. അദ്ദേഹം സ്ഥാപിച്ച "The Tribune of the People' ലോകത്തിലെ ഒന്നാമത്തെ കമ്യൂണിസ്റ്റ് വർത്തമാനപത്രമാണ്. ഈ പത്രത്തിന്റെ സാഹായത്തോടുകൂടി അദ്ദേഹം നിലവിലുള്ള സമുദായ ഘടനയുടെ അനീതികളെ കഠിനമായി എതിർക്കുവാൻ തുടങ്ങി. അതിന്റെ ഫലമായി അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. ജെയിലിൽനിന്ന് വിട്ടു വന്നതിന്നു ശേഷം ഗവൺമെൻറിനെ തകിടം മറിച്ച് കമ്യൂണിസം സ്ഥാപിയ്ക്കുവാൻവേണ്ടി അദ്ദേഹം ഒരു രഹസ്യസംഘം സ്ഥാപിച്ചു. കുറച്ചുകാലം ഊർജ്ജിതമായ പ്രവൃത്തി നടന്നു. പക്ഷേ, പ്രയത്നം സഫലമാകുന്നതിന്നു മുമ്പായി അദ്ദേഹം വീണ്ടും അറസ്റ്റ് ചെയ്യപ്പെടുകയും 1797-ൽ തൂക്കിക്കൊല്ലപ്പെടുകയും ചെയ്തു.

## 11 കേബറ്റ് (Cabet)

ബേബഫിനെ തുടർന്നുകൊണ്ട് എത്തീൻ കേബറ്റ് എന്ന മറ്റൊരു സോഷ്യലിസ്റ്റ് നേതാവ് ഗവൺമെൻറിനെ എതൃക്കുവാനാരംഭിച്ചു. അഭ്യസ്തവിദ്യനും ഒരു വക്കീലുമായ അദ്ദേഹം 30 വയസ്സ് തികയുന്നതിന്നു മുമ്പായിട്ടു തന്നെ ഒരു പേരെടുത്ത വിപ്ലവകാരിയായിത്തീർന്നു. ലിപോപ്പലയർ (Le Populaire) എന്ന തന്റെ കമ്യൂണിസ്റ്റ് പത്രത്തിൽ രാജാവിനെ വിമർശിച്ചു കൊണ്ടെഴുതിയ ഒരു ലേഖനത്തിന്റെ പ്രതിഫലമായി അദ്ദേഹത്തിന്നു രണ്ടുകൊല്ലത്തെ കാരാഗൃഹശിക്ഷ കിട്ടി. ഏതായാലും ശിക്ഷാവിധി കഴിയുന്നതിന്നു മുമ്പായി അദ്ദേഹം ഇംഗ്ലണ്ടിലേയ്ക്കു ഒളിച്ചോടിപ്പോയി. അവിടെവെച്ചു തോമസ് മൂറിന്റെ യൂട്ടോപ്യ അദ്ദേഹത്തെ ആവേശഭരിതനാക്കി. അതിനെ അനുകരിച്ചുകൊണ്ടു അദ്ദേഹം തന്റെ കാലത്തെ സാമുദായികദോഷത്തെ പരിഹരിയ്ക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി 'ഇക്കാര്യത്തിലേയ്ക്കുള്ള സമുദ്രയാത്ര' (The Voyage to Iearia) എന്ന ഒരു നോവൽ എഴുതി. വലിയ വലിയ വ്യവസായങ്ങൾ, കൃഷി മുതലായവ ഗവർമ്മെണ്ടു ഏറ്റെടുത്തു നടത്തി ഫലം എല്ലാ വേലക്കാർക്കും സമമായി കൊടുക്കേണമെന്നു ഈ പുസ്തകത്തിൽ അദ്ദേഹം നിർദ്ദേശിയ്ക്കുന്നു. കൂലിനിരക്കു ക്രമീകരിയ്ക്കുക, ധനികന്മാരുടെ സ്വത്തിന്മേൽ കൂടുതൽ നികുതി ചുമത്തുക തുടങ്ങിയ പരിഷ്കാരങ്ങളെക്കൊണ്ടാരംഭിച്ച് വളരെക്കാലം കമ്യൂണിസത്തിന്നനുകൂലമായ വിദ്യാഭ്യാസം പ്രചരിപ്പിച്ചതിന്നു ശേഷം മാത്രമേ തന്റെ ഉദ്ദേശ്യം സാധിയ്ക്കുകയുള്ളു എന്നും അദ്ദേഹം വ്യക്തമാക്കി. ഒരു മാതൃകാ കോളണിയിൽ തന്റെ ആശയങ്ങളെ പ്രായോഗികമാക്കുവാൻ ശ്രമിച്ചുവെങ്കിലും ജനങ്ങളുടെ നേതൃത്വം വഹിക്കുവാൻ തീരെ അപ്രാപ്തനായ അദ്ദേഹം പരാജയപ്പെടുകയാണ് ചെയ്തത്.

## 12 സെയിൻറ് സൈമൺ (Saint Simon)

ഓരോ വ്യക്തിക്കും തന്റെ പ്രയത്നത്തിന്നനുസരിച്ച പ്രതിഫലം നൽകുകയും എല്ലാ ജനങ്ങൾക്കും വികസിയ്ക്കുവാൻ ഒരു പോലെയുള്ള സൗകര്യം കൊടുക്കുകയും ചെയ്യുന്ന ഒരു പുതിയ സമുദായവ്യവസ്ഥയെ സ്വപ്നം കാണുവാൻ ധൈര്യപ്പെട്ട സെയിൻറ് സൈമനോട് ആധുനിക ശാസ്ത്രീയ സോഷ്യലിസം കുറച്ചൊന്നുമല്ല കടപ്പെട്ടിട്ടുള്ളത്. ക്രൂസ്ത്വാബ്ദം 1760-ൽ പാരീസിലെ ഒരു ഉയർന്ന കുടുംബത്തിലാണ് ജനിച്ചതെങ്കിലും കുട്ടിക്കാലം മുതൽക്കുതന്നെ അദ്ദേഹത്തിന്നു സമുദായോദ്ധാരണത്തിൽ നല്ല പ്രതിപത്തി ഉണ്ടായിരുന്നു. അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിലും അതിന്നുശേഷം വിപ്ലവത്തിലും അദ്ദേഹം പങ്കെടുക്കുകയുണ്ടായിട്ടുണ്ട്. വ്യവസായങ്ങളെ പൊതുസ്വത്താക്കുക, പ്രവൃത്തിയ്ക്കനുസരിച്ചുള്ള പ്രതിഫലം കൊടുക്കുക, പിൻതുടർച്ചാവകാശം നശിപ്പിയ്ക്കുക തുടങ്ങിയ പല പരിഷ്കാരങ്ങളും നടപ്പാക്കുവാൻ വേണ്ടി അദ്ദേഹം പ്രയത്നിയ്ക്കുകയുണ്ടായി.

## 13 ഫോറിയർ (Fourier)

ഏതാണ്ട് അതേ കാലത്തുതന്നെ ജീവിച്ചിരുന്ന ചാറൽഫോറിയർ (1772-1837) വ്യവസായത്തിന്റെ പരിവർത്തനത്തിലല്ല അഭിവൃദ്ധിയുടെ നിയമങ്ങളിലാണ് (ഘമം െീള ജൃീഴൃലൈ) അധികം ശ്രദ്ധ പതിപ്പിച്ചത്. സമുദായോദ്ധാരണത്തിന്നുവേണ്ടി അദ്ദേഹം നിർദ്ദേശിച്ച ഒരു മാർഗ്ഗം ജനങ്ങൾ വലിയസംഘങ്ങളായിച്ചേർന്ന് (ജവമഹമിഃലെ) ഒരേസ്ഥലത്തു ജീവിയ്ക്കണമെന്നതാണ്. ഫോറിയർ പ്രയത്നത്തെ ആവശ്യമുള്ള പ്രയത്നം, ഉപയോഗമുള്ള പ്രയത്നം, ഇഷ്ടമുള്ള പ്രയത്നം ഇങ്ങിനെ 3 ആയി തരംതിരിയ്ക്കുകയും ആദ്യത്തേതിന്നു ഏറ്റവും അധികവും ഒടുവിലത്തേതിന്ന് ഏറ്റവും കുറച്ചും പ്രതിഫലം കൊടുക്കേണ്ടതാണെന്നു അഭിപ്രായപ്പെടുകയും ചെയ്തു. അഹിംസയിലും സമാധാനത്തിലും വിശ്വസിച്ചിരുന്നതിനാൽ അദ്ദേഹം വിപ്ലവത്തിന്നെതിരായിരുന്നു. ഏതായാലും, നിലവിലുള്ള സാമ്പത്തികവ്യവസ്ഥയുടെ ദോഷങ്ങളെ ചൂണ്ടിക്കാണിയ്ക്കുക, പ്രയത്നത്തെ സദുപയോഗപ്പെടുത്തുക തുടങ്ങിയ ചില നല്ലകാര്യങ്ങളിലേയ്ക്കു അദ്ദേഹം ജനങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ടെന്നുള്ള കാര്യത്തിൽ സംശയമില്ല.

## 14 ലൂയിബ്ലാങ്ക് (Louis Blanc)

തന്റെ ആശയങ്ങളെ പ്രവൃത്തിയിൽകൊണ്ടുവരുവാനായി രാഷ്ട്രീയാധികാരത്തെ ഉപയോഗിയ്ക്കുവാൻ ശ്രമിച്ച ഒന്നാമത്തെ യൂട്ടോപ്യൻ സോഷ്യലിസ്റ്റ് ലൂയിബ്ലാങ്ക് ആണ് (1813-1882). സമുദായപരിവർത്തനത്തിന്നു ധനിക വർഗ്ഗക്കാരോട് അപേക്ഷിയ്ക്കുന്നതിന്നുപകരം തൊഴിലാളികളോട് ആവശ്യപ്പെട്ടുവാൻ തുടങ്ങിയതും ആദ്യമായി അദ്ദേഹമാണ്. ഇങ്ങിനെ അദ്ദേഹം യൂട്ടോപ്യൻ സോഷ്യലിസത്തേയും മാർക്സിയൻ സോഷ്യലിസത്തേയും കൂട്ടിച്ചേർക്കുന്ന ഒരു കണ്ണിയാണെന്നു പറയാം. അദ്ദേഹത്തിന്റെ ആധിപത്യത്തിൽ നടന്നിരുന്ന റവ്യൂദ്യ പ്രോഗ്രസ്സ് (Reuve du Progress) എന്ന പത്രം സോഷ്യലിസ്റ്റ് സാഹിത്യം പ്രചരിപ്പിക്കുവാൻ കുറച്ചൊന്നുമല്ല സഹായിച്ചിട്ടുള്ളത്. മനുഷ്യാഭിവൃദ്ധിയും മനുഷ്യന്റെ പരമമായ സുഖവുമാണ് ജീവിതത്തിന്റെ പ്രാപ്യസ്ഥാനമെന്നു തന്റെ ചില മുൻഗാമികളെപ്പോലെ ബ്ലാങ്കും വിശ്വസിച്ചിരുന്നു. ഈ ആദർശസമുദായത്തിലെത്തുവാൻ എല്ലാ ജനങ്ങൾക്കും തൊഴിലുണ്ടാക്കിക്കൊടുക്കുകയാണാവശ്യമെന്നും അതിന്നുവേണ്ടി വ്യക്തികളുടെ തൊഴിൽശാലകൾക്കുപകരം (Individual Work-shop) ക്രമത്തിൽ സമുദായത്തിന്റെ തൊഴിൽശാലകൾ നിർമ്മിയ്ക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മുതലാളികൾക്ക് ഈ തൊഴിൽശാലകളിൽ പങ്കെടുക്കാവുന്നതാണ്. തങ്ങൾ എറക്കിയ മൂലധനത്തിന്നു അവർക്കു പലിശ ലഭിയ്ക്കുകയും ചെയ്യും.

പ്രാപ്തിയ്ക്കനുസരിച്ചു പണി; ആവശ്യത്തിന്നനുസരിച്ച പ്രതിഫലം-ഇതായിരുന്നു ബ്ലാങ്കിന്റെ വിശ്വാസം. പ്രവൃത്തിയനുസരിച്ചുള്ള പ്രതിഫലം കൊടുക്കണമെന്നായിരുന്നു സെയിൻറ് സൈമന്റെ അനുയായികൾ അഭിപ്രായപ്പെട്ടിരുന്നതും. പ്രയത്നം, മൂലധനം, കർമ്മകുശലത ഇവയെ ഫോറിയർ തരംതിരിച്ചു. ബേബഫ് പരിപൂർണ്ണമായ സമത്വത്തിൽ വിശ്വസിച്ചു. ഇവരിൽ നിന്നെല്ലാം വ്യത്യസ്തമായ ഒരു ആശയമാണ് ബ്ലാങ്കു പ്രചരിപ്പിച്ചത്.

1848-ൽ പ്രോവിഷനലൽ ഗവൺമെൻറിലെ ഒരംഗത്തിരുന്ന കാലത്തു അദ്ദേഹം തന്റെ ആശയത്തെ പ്രവൃത്തിയിൽ കൊണ്ടുവരുവാൻ ശ്രമിച്ചു. മിക്ക രാജനീതിജ്ഞന്മാരും അദ്ദേഹത്തിന്നെതിരായിരുന്നു. അവരുടെ ഗൂഢാലോചനകളുടെ ഫലമായി ബാങ്കിന്റെ ആദർശപരമായ തൊഴിൽശാലയ്ക്കു കുറച്ചുകാലത്തെ ആയുസ്സുമാത്രമേ ഉണ്ടായുള്ളൂ.

# 15 പ്രൌഢൻ (Proudohn)

അക്കാലത്തെ ഫ്രഞ്ചുവിപ്ലവകാരികളിൽ ഒടുവിലത്തെ ആളായിരുന്നു. പി. ജെ. പ്രൌഢൻ (1809-1865) സ്വകാര്യസ്വത്തുടമസമ്പ്രദായത്തെയും ധനികവർഗ്ഗക്കാരെയും ഗവർമ്മേണ്ടിനെത്തന്നെയും അദ്ദേഹം കഠിനമായി എതിർത്തു. 1840-ൽ അദ്ദേഹത്തിന്റെ സുപ്രസിദ്ധമായ "സ്വത്ത്എന്ത്" (What is Property) എന്ന പുസ്തകം പ്രസിദ്ധീകരിയ്ക്കപ്പെട്ടു. എല്ലാ ഗവൺമെൻറുകളും ചീത്തയാണെന്ന ധാരണയാൽ 1848-ലെ ഫെബ്രുവരി വിപ്ലവത്തിൽ അദ്ദേഹത്തിന്നു ഒന്നിലധികംപ്രാവശ്യം ജയിലിൽ പോകേണ്ടിവന്നിട്ടുണ്ട്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ അടിസ്ഥാനമാക്കിയ ഒരു സമുദായത്തിൽ മാത്രമേ യഥാർത്ഥമായ സുഖമുണ്ടാകയുള്ളുവെന്നു അദ്ദേഹം വിശ്വസിച്ചു. അരാജകത്തിന്മേൽ അടിയുറച്ച ഒരു സമുദായഘടനയായിരുന്നു അദ്ദേഹത്തിന്റെ പ്രാപ്യസ്ഥാനം. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ ഭരിക്കുന്നതു മർദ്ദനമാണ്. അതുകൊണ്ടു ആർക്കും രാജാവായിരിക്കുവാൻ തരമില്ല. സ്വകാര്യസ്വത്തു കളവു മുതലത്രേ. (Property is theft) നിലത്തെയും വ്യവസായ സാമഗ്രികളേയും ഉപയോഗിക്കുവാൻ എല്ലാവർക്കും ഒരുപോലെ അധികാരമുണ്ടായിരിക്കണം.

സ്വകാര്യസ്വത്തു തെറ്റാണെങ്കിലും സ്വകാര്യസമ്പാദനം ശരിയാണെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. അതായതു ഉല്പാദനസാമഗ്രികളെ സ്വകാര്യമാക്കി വെക്കുന്നതിനേയും പലിശ, പാട്ടം, ലാഭം മുതലായവയേയും അദ്ദേഹം എതിർത്തു. പക്ഷേ, സ്വന്തം പ്രയത്നംകൊണ്ടുണ്ടാക്കിയ സ്വകാര്യസ്വത്ത് അനുഭവിക്കുവാൻ ഓരോരുത്തനും അധികാരമുണ്ടായിരിക്കും. ഇക്കാര്യത്തിൽ അദ്ദേഹം കമ്യൂണിസ്റ്റുകാർക്കെതിരായിരുന്നു.

## 16 റോബർട്ട് ഓവൻ (Robert Owen)

വ്യവസായവിപ്ലവം അതുവരെ ലോകത്തിലുണ്ടായിട്ടില്ലാത്ത ഒരു വലിയ പരിവർത്തനത്തിന്റെ ആരംഭമായിരുന്നു. കൈത്തൊഴിൽ യന്ത്രവ്യവസായത്തിന്റെ മുമ്പിൽ നിസ്സഹായമായിത്തീർന്നു. തൊഴിലാളികൾക്കു തങ്ങൾ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങുവാൻ പോലും നിവൃത്തിയില്ലെന്നായി. ക്രയശക്തിയെ അനുസരിച്ചുമല്ലോ വിക്രയ ശക്തി. അതിനാൽ, ചരക്കുകൾ വിറ്റഴിയാതെ കിടക്കുകയായി. വ്യവസായമാന്ദ്യവും അതോടൊപ്പം തൊഴിലില്ലായ്മയും വർദ്ധിച്ചു. ഇതിന്റെയെല്ലാം മൗലികകാരണങ്ങളായ സ്വകാര്യസ്വത്തുടമസ്സമ്പ്രദായവും വ്യക്തികളുടെ ലാഭേച്ഛയും നിലനില്ക്കുന്നേടത്തോളംകാലം സമുദായത്തെ ഉദ്ധരിക്കുവാൻ ആർക്കും സാധിക്കുകയില്ല:

1771-ൽ നോർത്ത്വെയിൽ ജനിച്ച റോബർട്ട് ഓവൻ ഈ വാസ്തവം മനസ്സിലാക്കി. സാമുദായികദോഷങ്ങളെ പരിഹരിക്കുവാനുള്ള ഏകമാർഗ്ഗം കമ്മ്യൂണിസം മാത്രമാണെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. പക്ഷേ, അദ്ദേഹം വിപ്ലവത്തിനും ഹിംസക്കും എതിരായിരുന്നു. ഗ്രാമങ്ങളിൽ ഐക്യവും സഹകരണപ്രസ്ഥാനവും വളർത്തിക്കൊണ്ടു ക്രമത്തിൽ ക്രമത്തിൽ മുന്നോട്ടുപോകണമെന്നത്രേ അദ്ദേഹം നിശ്ചയിച്ചിരുന്നത്. പള്ളികൾ അദ്ദേഹത്തിന്റെ സദുദ്ദേശങ്ങളെത്തടയുവാൻ നോക്കി. അപ്പോൾ ഓവൻ മതത്തിന്റെ ബദ്ധശത്രുവാണെന്നായി. ആരായുന്നതിൽനിന്നു ജനങ്ങളെ തടുത്തുനിർത്തുകയാണ് എല്ലാ മതങ്ങളും ചെയ്യുന്നതെന്നു 1817-ൽ അദ്ദേഹം പ്രസ്താവിച്ചു. 1819-ൽ അദ്ദേഹം "തൊഴിലാളികളോട് ഒരു അഭ്യർത്ഥന" എന്ന ഒരു ലഘുപത്രിക പ്രസിദ്ധം ചെയ്തു. തൊഴിലാളികൾ ഹിംസയും ധനികവർഗ്ഗക്കാരുടെ പേരിലുള്ള വിദ്വേഷവും ഉപേക്ഷിക്കുന്നതായാൽ ദാരിദ്ര്യവും അജ്ഞതയും അകറ്റുവാനുള്ള അവരുടെ പരിശ്രമത്തെ എല്ലാവിധത്തിലും സഹായിക്കുവാൻ താൻ ഒരുക്കമാണെന്നു അതിൽ പ്രസ്താവിച്ചിരുന്നു. 1821-ൽ അദ്ദേഹം സമുദായഘടന (Social System) എന്ന മറ്റൊരു പുസ്തകം എഴുതി. അതിൽ അദ്ദേഹം വ്യക്തിത്വത്തേയും മത്സരത്തേയും സാധൂകരിക്കുവാനും പുകഴ്ത്തുവാനും ശ്രമിച്ചിരുന്ന രാജനീതിജ്ഞന്മാരെ കഠിനമായി ആക്ഷേപിച്ചു.

തന്റെ ആശയങ്ങളെ പ്രവൃത്തിയിൽ കൊണ്ടുവരുവാൻ വേണ്ടി ഓവൻ 1824-ൽ മുപ്പതിനായിരം ഏക്ര വിസ്താരമുള്ള ന്യൂഹാർമണി എന്ന ഒരു കോളണി തുറന്നു. പക്ഷേ, മൂന്നുകൊല്ലത്തെ നിരന്തരമായ പ്രയത്നത്തിന്നുശേഷം അദ്ദേഹത്തിന്റെ ഈ ശ്രമം പരാജയപ്പെടുകയാണുണ്ടായത്.

അതിന്നുശേഷം അദ്ദേഹം ഇംഗ്ലണ്ടുമുഴുവൻ സഞ്ചരിക്കുകയും ട്രേഡ് യൂനിയനുകളെയും സഹകരണസംഘങ്ങളേയും സംഘടിപ്പിച്ചു ഒരൊറ്റ സ്ഥാപനത്തിന്റെ കീഴിലാക്കി ക്രമത്തിൽ അവയെ കമ്മ്യൂണിസ്റ്റ്സിദ്ധാന്തങ്ങളിലേക്കു കൊണ്ടുപോകുവാനുള്ള ഒരു പ്ലാൻ തയാറാക്കുകയും ചെയ്തു. ഈ ശ്രമത്തിൽ അദ്ദേഹത്തിന്ന് വിചാരിച്ചതിലധികം വിജയം കിട്ടി.

സമുദായത്തെ ഉദ്ധരിയ്ക്കുവാൻ, മുതലാളികളും തൊഴിലാളികളും സഹകരിച്ചുകൊണ്ടുള്ള ഒരു മാർഗ്ഗമാണ് അദ്ദേഹം നിർദ്ദേശിച്ചിരുന്നത്. അതിനാൽ, ഓവന്റെ കൂട്ടുകാരും വർഗ്ഗയുദ്ധത്തിൽ വിശ്വസിച്ചിരുന്ന തൊഴിലാളിനേതാക്കന്മാരും തമ്മിൽ ഒരു വലിയ ശണ്ഠയാരംഭിച്ചു. അതിന്റെ ഫലമായി കുറച്ചുകാലത്തേക്കു ട്രേയിഡ് യൂണിയൻ പ്രവർത്തനങ്ങൾ ഏറ്റവും മങ്ങിയ നിലയിലാണ് മുന്നോട്ടുപോയത്.

എന്തുതന്നെയായാലും, യൂട്ടോപ്യൻ സോഷ്യലിസത്തിന്റെ ചരിത്രത്തിൽ ഏറ്റവും പ്രധാനമായ ഒരു സ്ഥാനമാണ് ഓവൻ അർഹിക്കുന്നത്. തൊഴിലിലില്ലായ്മയേയും മറ്റു ദോഷങ്ങളേയും നിലനിർത്തിപ്പോരുന്ന സമുദായഘടനയെ എതിർക്കുക, മനുഷ്യാഭിവൃദ്ധിയുടെ ആദർശം സമുദായത്തിന്റെ പൊതുവിലുള്ള സുഖമാണെന്നു പ്രഖ്യാപിയ്ക്കുക, സമ്പത്തിന്റെ ഉല്പാദനവിതരണങ്ങളിൽ എല്ലാ ജനങ്ങളും സഹകരിയ്ക്കണമെന്നഭിപ്രായപ്പെടുക ഇതെല്ലാം സാമാന്യജനങ്ങളെ ഉദ്ബുദ്ധരാക്കുവാൻ വളരെയധികം സഹായിച്ചിട്ടുണ്ട്.

## 17 ആധുനിക യൂട്ടോപ്യനിസം

19-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്തോടുകൂടി യൂട്ടോപ്യൻ സോഷ്യലിസം അവസാനിച്ചുവെങ്കിലും അതിന്നുശേഷവും ചില പ്രസിദ്ധ ലേഖകന്മാർ ഒരു പുതിയ സമുദായ ഘടനയെപ്പറ്റി തങ്ങൾക്കുള്ള ആശയങ്ങളും സ്വപ്നങ്ങളും വെളിപ്പെടുത്തിക്കൊണ്ടുവന്നു. അവരിൽ ഒരാളാണ് എച്ച്. ജി. വെൽസ്. അദ്ദേഹംതന്റെ 'ആധുനികയൂട്ടോപ്യ' (Modern Utopia) എന്ന പുസ്തകത്തിൽ സുഖവും സംതൃപ്തിയും നിറഞ്ഞ ഒരു പുതിയ സമുദായത്തെ സ്വപ്നം കാണുവാൻ ശ്രമിക്കുകയുണ്ടായി.

എഡ്വേർഡ് ബേല്ലാമി എന്ന അമേരിക്കൻഗ്രന്ഥകാരൻ 1887-ൽ പ്രസിദ്ധംചെയ്ത 'പിന്നോട്ടുനോക്കൽ' (Looking Blackward) എന്ന പുസ്തകവും ഡോക്ടർ ത്യോഡർ ഹർട്ട്സ്ക്ക എന്ന വയന്നീസു ധനശാസ്ത്രജ്ഞൻ 1890-ൽ പ്രസിദ്ധീകരിച്ച 'Free Land-A Social Anticipation' എന്ന പുസ്തകവും വില്യം മോറിസ് എന്ന ഇംഗ്ലീഷ്‌ലേഖകന്റെ 'News From Nowhere' എന്ന പുസ്തകവും ആധുനിക യൂട്ടോപ്യൻ സോഷ്യലിസത്തിന്റെ മറ്റു മാതൃകകളാണ്.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 9

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളത്തിൽ മുതലാളിത്തത്തിന്റെ ഉത്ഭവം
2. കേരളത്തിന്റെ സാമ്പത്തികഭദ്രത
3. പണമിറക്കാൻ ഗവർമ്മെണ്ട്, ലാഭം തട്ടാൻ മുതലാളി!
4. വിദ്യാഭ്യാസത്തിന്റെ നേരെ
5. രണ്ടു കൊല്ലങ്ങൾ
6. ഇടപെടൽ
7. പതിനൊന്നാംവകുപ്പും സംവരണവും
8. പുതിയ മന്ത്രിസഭ
9. കമ്യൂണിസ്റ്റ് വിരുദ്ധശക്തികളുടെ കൂട്ടുകെട്ട് വിജയിക്കുകയില്ല
10. കർഷകസമരം
11. സാമുദായിക ലഹളകളുടെ പാഠം
12. ഗോവ വിമോചനം—അഭിനന്ദനങ്ങൾ!
13. ഇന്ത്യയും സോഷ്യലിസവും
14. പുതിയ ലോകത്തിൽ പുതിയ ഇന്ത്യ
15. കോൺഗ്രസ്സിന്റെ സോഷ്യലിസം
16. സോഷ്യലിസത്തിലേയ്ക്കുള്ള വ്യത്യസ്തമാർഗ്ഗങ്ങൾ
17. സോഷ്യലിസത്തിലേയ്ക്കുള്ള ഇന്ത്യയുടെ മാർഗ്ഗം
18. കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം
19. സാമ്പത്തിക സ്വാതന്ത്ര്യത്തിലൂടെ സോഷ്യലിസത്തിലേക്ക്
20. യൂട്ടോപ്യ
21. ഫാസിസം
22. ഫ്രഞ്ച് വിപ്ലവം
23. സോവിയറ്റ് ചൈന
24. മദ്ധ്യധരണ്യാഴിയിലെ വടംവലി
25. ജയിലിന്റെ മനശ്ശാസ്ത്രം


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014